RCS/5215/2026-AEL(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 10-08-2026

## സർക്കുലർ നമ്പർ 26/2026

വിഷയം : കേരള സഹകരണ സംഘം നിയമം 1969 -ലെ വകുപ്പ് 70 പ്രകാരമുള്ള അവാർഡു തുക 1968 -ലെ റവന്യൂ റിക്കവറി ആക്ട് പ്രകാരം ഈടാക്കുന്നത്- സംബന്ധിച്ച്

സൂചന:

1. 11/05/2026-ലെ സി1 /3/2026-സഹ നമ്പർ സർക്കാർ ഉത്തരവ്
2. ബഹു.കേരള ഹൈക്കോടതിയുടെ 218/25,236/25,264/25,498/25, 898/25,1281/25,1282/25,42818/24 നമ്പർ റിട്ട് ഹർജിയിന്മേൽ 04/12/2025 തിയതി പുറപ്പെടുവിച്ച പൊതു വിധിന്യായം.
3. ബഹു. കേരള ഹൈക്കോടതിയുടെ 83726,839/26/841/26 നമ്പർ കോടതിയലക്ഷ്യ കേസുകളിൽ 28/07/26ാം തിയതി പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവ്.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 30/07/2026 ലെ LR/1068/2026- LR(B2) നമ്പർ കത്ത്

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 70 പ്രകാരം സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന അവാർഡുകൾ, അതേ നിയമത്തിലെ വകുപ്പ് 76(b) പ്രകാരം, 1968 ലെ കേരള റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് arrears of public revenue due on land എന്ന നിലയിൽ ഈടാക്കാവുന്നതാണെന്നും, അതിനായി പ്രത്യേകമായി വകുപ്പ് 71 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്നും ബഹു കേരള ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ള സാഹചര്യത്തിൽ രജിസ്ട്രാർ അല്ലെങ്കിൽ അവരാൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ മുഖേന 1968 ലെ കേരള റവന്യൂ റിക്കവറി നിയമ പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാമെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നതിനാൽ, റിക്കവറി നടപടികൾ ആരംഭിക്കുന്നതിനുള്ള അധികാരം നേരിട്ട് ഓരോ സഹകരണ സംഘത്തിനും നൽകേണ്ടതില്ല എന്നും രജിസ്ട്രാർ അല്ലെങ്കിൽ നിയമപ്രകാരം അധികാരപ്പെടുത്തിയ സ്ഥാപനത്തിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കളക്ടർ നടപടികൾ സ്വീകരിക്കേണ്ടത് എന്നും റിക്കവറി നടപടികളുടെ പ്രവർത്തനഘടനയിൽ ഓരോ പ്രാഥമിക സംഘങ്ങളെയും സ്വതന്ത്രമായി റവന്യൂ റിക്കവറി അതോറിറ്റി ആയി പ്രഖ്യാപിക്കേണ്ട നിർബന്ധിതത്വം (mandatory requirement) നിയമത്തിൽ കാണുന്നില്ല എന്നതിനാലും ഭരണപരമായ സൗകര്യവും കാര്യക്ഷമതയും പരിഗണിച്ച് ബന്ധപ്പെട്ട അതാത് അപ്പെക്സ് സംഘങ്ങൾ മുഖേന അല്ലെങ്കിൽ രജിസ്ട്രാറിന്റെ മേൽനോട്ടത്തിൽ കേന്ദ്രീകൃതമായ രീതിയിൽ

നടപടികൾ ഏകോപിപ്പിക്കുന്നത് നിയമപരമായി സാധുവായ രീതിയായി കണക്കാക്കാവുന്നതാകയാൽ പരാമർശം (2) ലെ ബഹു ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ റിക്കവറി സമയബന്ധിതമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ആയതിലേയ്ക്കായി സോഫ്റ്റ് വെയർ പോർട്ടലിൽ ആവശ്യമെങ്കിൽ മാറ്റം വരുത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ടി സ്ഥാപനങ്ങളെ റവന്യൂ റിക്കവറി പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ അടിസ്ഥാന വിവരങ്ങൾ ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളോ ബന്ധപ്പെട്ട വകുപ്പുകളോ സമർപ്പിക്കേണ്ടതുള്ളതിനാൽ ആയതിലേയ്ക്കാവശ്യമായ അർത്ഥന അതാത് ജില്ലാ കളക്ടർക്ക്, രജിസ്ട്രാർ അല്ലെങ്കിൽ അവരാൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സഹകരണ വകുപ്പിന് നിർദ്ദേശം നൽകികൊണ്ടും സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടാതെ കുഞ്ഞുമുഹമ്മദ് എം എം Vs സ്റ്റേറ്റ് ഓഫ് കേരള എന്ന കേസിൽ ബഹുമാനപ്പെട്ട കോടതിയുടെ 04/12/2025 ലെ വിധിയുടെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് 28/03/2026 ൽ തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും 1968 ലെ കേരള റവന്യൂ റിക്കവറി ആക്ട് പ്രകാരം റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല എന്നും അതിനാൽ അതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം എന്ന് സൂചന (3 ) പ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ചിരിക്കുന്നു.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ആഫീസിനെ ഈ ആവശ്യത്തിലേയ്ക്ക് റവന്യൂ റിക്കവറി പോർട്ടലിൽ ഉൾപ്പെടുത്തിയും ടി ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ് -1) നെ സ്റ്റേറ്റ് നോഡൽ ഓഫീസർ ആയി നിർണ്ണയിച്ചും സൂചന(4) പ്രകാരം ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 7 0 പ്രകാരമുള്ള അവാർഡ് നടപ്പിലാക്കുന്നതിലേയ്ക്കായി റവന്യൂ റിക്കവറി പോർട്ടൽ വഴി റവന്യൂ റിക്കവറി ആവശ്യമുള്ള പക്ഷം ടി സഹകരണ സംഘങ്ങൾ / സഹകരണ ബാങ്കുകൾ ഒരു ക്ലാർക്ക്, ഒരു അപ്പ്രൂവിംഗ് അതോറിറ്റി എന്നിവരുടെ പേര് , തസ്തിക , ഇ മെയിൽ വിലാസം , ഫോൺ നമ്പർ, സംഘത്തിന്റെ പൂർണ്ണമായ പേരും വിലാസവും എന്നിവ ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ സാക്ഷ്യപ്പെടുത്തിയ കമ്മിറ്റി തീരുമാനം സഹിതം **cooperationrevenuerecovery@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ അപേക്ഷിക്കേണ്ടതും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സംഘത്തിന്റെ ഉദ്യോഗസ്ഥരെ റവന്യൂ റിക്കവറി പോർട്ടലിൽ ഉൾപ്പെടുത്തി സഹകരണ നിയമം വകുപ്പ് 76(ബി)(i) സഹകരണ ചട്ടം 7 2 പ്രകാരമുള്ള സർട്ടിഫിക്കറ്റ് (ഫോറം നമ്പർ 12 ) സഹിതം റവന്യൂ റിക്കവറി പോർട്ടൽ വഴി അവാർഡ്തുക റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കാവുന്നതാണ്. ഈ ആവശ്യത്തിലേയ്ക്കായി സഹകരണ സംഘങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സമയ ബന്ധിതമായി തന്നെ ഫോറം 12 ലുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ അതാതു അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ ) മാർ സ്വീകരിക്കുന്നുണ്ട് എന്ന് ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മാർ ഉറപ്പ് വരുത്തേണ്ടതാണ്.

Digitally signed by
INBASEKAR K I A S
Date: 10-08-2026
09:43:09

**ഇമ്പശേഖർ കെ. ഐ എ എസ്**

**സഹകരണ സംഘം രജിസ്ട്രാർ**

**<u>പകർപ്പ്</u>**

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും

4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും

   (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

   (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
8. സ്റ്റോക്ക് ഫയൽ
9. സഹകരണ വീഥി
10. വെബ് സൈറ്റ്
11. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)
12. സ്പെയർ